# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 407 – 29/11/2018 -ലെ മറുപടിക്ക്

## ധനക്കമ്മിയും റവന്യൂ കമ്മിയും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | ഡോ. ടി. എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) |

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | 2015-16, 2016-17, 2017-18 എന്നീ വർഷങ്ങളിലെ ധനക്കമ്മി എത്രയാണ്; മേല്പറഞ്ഞ കാലയളവിലെ റവന്യൂ കമ്മി എത്രയാണ്; | 2015-16 മുതൽ 2017-18 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാനത്തിന്റെ ധനകമ്മി, റവന്യൂ കമ്മി എന്നിവ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>(തുക കോടിയിൽ)<br>വർഷം / റവന്യൂ കമ്മി / ധന കമ്മി:<br>2015-16 / 9656.81 / 17818.39<br>2016-17 / 15484.59 / 26448.35<br>2017-18 (പ്രാഥമിക കണക്ക്) / 16928.21 / 26837.42 |
| ബി | ധനക്കമ്മിയിലും റവന്യൂ കമ്മിയിലും ഉണ്ടായിട്ടുള്ള വർദ്ധനവ് സംസ്ഥാനത്തിന്റെ സാമ്പത്തിക നിലവാരം സംബന്ധിച്ച് എന്ത് സൂചനയാണ് നൽകുന്നത്; വ്യക്തമാക്കാമോ? | കേന്ദ്ര സർക്കാരിന്റെ നോട്ട് പിൻവലിക്കൽ നടപടി കാരണം സംസ്ഥാന സമ്പദ്‌വ്യവസ്ഥയിൽ ഉണ്ടായ പ്രതിസന്ധി, കുറഞ്ഞുവരുന്ന സംസ്ഥാന തനത് നികുതി വരുമാനത്തിന്റെ വളർച്ചാ നിരക്കിനെ കൂടുതൽ മോശാവസ്ഥയിലാക്കുവാൻ ഇടയാക്കി. ഇത് കാരണം ബജറ്റിൽ ലക്ഷ്യമിട്ടിരുന്നതു പോലെ നികുതി പിരിച്ചെടുക്കാൻ കഴിയാതിരുന്നതും തന്മൂലം നികുതി പിരിവിലുണ്ടായ കുറവും, ശമ്പളം, പെൻഷൻ, പലിശ എന്നീ ഇനങ്ങളിലെ ചെലവിൽ ഉണ്ടായ വർദ്ധനവ്, 10-ാം ശമ്പള പരിഷ്കരണം മൂലമുണ്ടായ അധിക സാമ്പത്തിക ബാദ്ധ്യത എന്നിവ മൂലം റവന്യൂ ചെലവ് |

| | | |
|---|---|---|
| | | വർദ്ധിക്കവാൻ ഇടയാക്കിയതുമാണ് പ്രധാനമായും റവന്യൂ കമ്മിയും ധന കമ്മിയും വർദ്ധിക്കവാൻ കാരണമായത്. കൂടാതെ ക്ഷേമ പെൻഷൻ കടിശ്ശിക, കരാറുകാർക്കുള്ള കടിശ്ശിക, കെ.എസ്.ആർ.റ്റി.സി.-യ്ക്ക് നൽകിയ അധിക ധനസഹായം എന്നീ ഇനത്തിലുള്ള ചെലവുകൾ കൊടുത്തു തീർക്കേണ്ടിവന്നതും റവന്യൂ കമ്മിയും ധന കമ്മിയും വർദ്ധിക്കവാൻ ഇടയാക്കിയിട്ടുണ്ട്. എന്നാൽ 2017-18 ൽ റവന്യൂ കമ്മി/ജി.എസ്.ഡി.പി അനുപാതം 2016-17 ലെ 2.51 ശതമാനത്തെ അപേക്ഷിച്ച് 2.49 ശതമാനമായും, ധനകമ്മി 4.28 ശതമാനത്തിൽ നിന്നും 3.95 ശതമാനമായും മെച്ചപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ